# കേരളസർവകലാശാല

നം.പി.ആർ.123/2023 തിരുവനന്തപുരം, തീയതി: 20/06/2023

## പത്രക്കുറിപ്പ്

ഒന്നാം വർഷ ബിരുദ പ്രവേശനം – 2023 ട്രയൽ അലോട്ട്മെന്റ് 21/06/2023 ന് പ്രസിദ്ധീകരിക്കും.

കേരള സർവകലാശാലയുടെ 2023–24 അധ്യയന വർഷത്തിലെ ബിരുദ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് അഡ്മിഷൻ വെബ് സൈറ്റിൽ (**https://admissions.keralauniversity.ac.in/** ) 21/06/2023 പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം ഓപ്ഷനുകൾ ചേർക്കുന്നതിനും പുനർക്രമീകരിക്കുന്നതിനും (ലാസ്റ്റ് ഇൻഡക്സ് മാർക്ക് വെബ് സൈറ്റിൽ ലഭ്യമാണ്) 23/06/2023 വരെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ ആയതിന്റെ പുതിയ പ്രിൻറ് ഔട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ട്രയൽ അലോട്ട്മെന്റ് വന്നതിന് ശേഷം വിദ്യാർത്ഥികൾ ഓപ്ഷനുകൾ മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്. ആയതിനാൽ ട്രയൽ അലോട്ട്മെന്റ് ലഭിച്ചു ഏന്നത് കൊണ്ട് മാത്രം അഡ്മിഷൻ ലഭിക്കണമെന്നില്ല.

ഒന്നാം അലോട്ട്മെന്റ് 24/06/2023 ന് പ്രസിദ്ധീകരിക്കുന്നതാണ്. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

### പരീക്ഷ രജിസ്ട്രേഷൻ

കേരളസർവകലാശാല ഒന്നാം സെമസ്റ്റർ,രണ്ടാം സെമസ്റ്റർ, മൂന്നാം സെമസ്റ്റർ, നാലാംസെമസ്റ്റർ, അഞ്ചാം സെമസ്റ്റർ, ആറാം സെമസ്റ്റർ എം.സി.എ.ഡിഗ്രി (സപ്ലിമെന്ററി2017–2019 അഡ്മിഷൻ, 2015 സ്കീം), ജൂലൈ 2023 പരീക്ഷയുടെ രജിസ്ട്രേഷൻ 21/06/2023ന് ആരംഭിക്കുന്നതാണ്.പിഴയില്ലാതെ 29/06/2023 വരെയും 150/രൂപ പിഴയോടുകൂടി 03/07/2023 വരെയും 400/ രൂപ പിഴയോടുകൂടി 05/07/2023 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ കേരള സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈവ വോസി

കേരള സർവകലാശാല 2023 ജൂൺ മാസം 26 തീയതി ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം. ബി .എ (ഫുൾടൈം (യു. ഐ. എം ഉൾപ്പെടെ)/ (ട്രാവൽ & ആൻഡ് ടൂറിസം) ഇന്റേൺഷിപ്പ് കോംപ്രിഹെൻസിവ് വൈവ വോസി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു.വിശദവിവരം വെബ്സൈറ്റിൽ

## പരീക്ഷാഫലം

കേരളസർവകലാശാല ഐ.യു.സി.ജി.ജി.റ്റി ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജി 2023 മാർച്ചിൽ നടത്തിയ പി.ജി. ഡിപ്ലോമ പ്രോഗ്രാം ഇൻ മോളിക്യുലാർ ഡയഗ്നോസ്റ്റിക്സ് 2022–23 ബാച്ചിന്റെ (സി.എസ്.എസ്) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

## കോളേജ് മാറ്റം

കേരളസർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ അഞ്ചാം സെമെസ്റ്ററിലേക്ക് ബിരുദ വിദ്യാർത്ഥികൾക്ക് (സി.ബി.സി.എസ്.എസ്) 2023–24 അദ്ധ്യായന വർഷത്തിൽ കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. കോളേജ് മാറ്റം ഗവൺമെൻറ് / എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും, യു.ഐ.റ്റി സെന്ററുകൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം + 2 അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപർശയോടൊപ്പം 1050 / രൂപ ഫീസ് അടച്ചു ചേരാൻ പോകുന്ന കോളേജിൽ 07.07.2023 നു മുൻപായി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575 – രൂപ കൂടി അടക്കേണ്ടതാണ് .

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തിയതി 12.07.2023 ആണ്. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ **(www.keralauniversity.ac.in)** ലഭ്യമാണ്.നിശ്ചിത തിയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

## പ്രാക്ടിക്കൽ പരീക്ഷ

കേരളസർവകലാശാല രണ്ടാം സെമസ്റ്റർ ബി.എസ് സി / ബി.കോം ഏപ്രിൽ 2023 ന്യൂ ജനറേഷൻ ഡബിൾ മെയിൻ ഡിഗ്രി പ്രോഗ്രാം (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെന്റ് /സപ്ലിമെന്ററി) പ്രാക്ടിക്കൽ പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു വിശദവിവരം പ്രസിദ്ധീകരിച്ചു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in**
**website:** **www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**